ഉത്തരം

(എ) ഇരുപത്തിമൂന്ന്.

(ബി) പതിനെട്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ബാധകമല്ല.

തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ പുതിയ വാർഡുകൾ നിർമ്മിക്കാൻ നടപടി

160 [1687] ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ജോർജ്ജ് ജെ. മാത്യു :
ശ്രീമതി രാധാരാഘവൻ :
ശ്രീ. വി. ഡി. സതീശൻ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രികളുടെ രൂപകൽപ്പന നടത്തിയതെന്നാണ്;

(ബി) ഈ ആശുപത്രികൾ സ്ഥാപിച്ചശേഷം അവയ്ക്ക് എത്ര പുതിയ വാർഡുകൾ നിർമ്മിച്ചു;

(സി) രോഗികളുടെ എണ്ണവുമായി തട്ടിച്ചു നോക്കുമ്പോൾ ഈ വാർഡുകൾ പര്യാപ്തമാണോ;

(ഡി) അല്ലെങ്കിൽ അവയ്ക്കുവേണ്ടി പുതിയ വാർഡുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം : 1951
(ബി) കോഴിക്കോട് : 1956
(സി) കോട്ടയം : 1961

(ബി) സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വാർഡുകൾ നിർമ്മിച്ചത് മെഡിക്കൽ കോളേജുകളുടെ ആരംഭത്തിനുശേഷമാണ്. ഇതിൽ കാർഡിയോളജി, ഗ്യാസ്ട്രോ എൻട്രോളജി, നെഫ്രോളജി, ന്യൂറോ സർജറി, ന്യൂറോ മെഡിസിൻ എന്നിവ ഉൾപ്പെടും.

(സി) അല്ല.

(ഡി) പുതിയ വാർഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly